# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1081 — 05.03.2018 ൽ മറുപടിക്ക്

### കാൻസർ രോഗികൾക്കുള്ള പെൻഷൻ പദ്ധതി

<table>
<tr><th colspan="2">ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി</th><th colspan="2">ഉത്തരം<br><br>ശ്രീ.ഇ.ചന്ദ്രശേഖരൻ, ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിക്ക് വേണ്ടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ,<br>ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി</th></tr>
<tr><td>(എ)</td><td>കാൻസർ രോഗികൾക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ കോളേജുകൾ, ആർ.സി.സി എന്നീ ആശുപത്രികളിൽ നിന്നുള്ളത് മാത്രമായി മാറ്റി നിശ്ചയിച്ചിട്ടുണ്ടോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">സർക്കാർ ഉത്തരവ് (സാധാ) നം.2636/2017/ആ.കു.വ തീയതി 26.09.2017 പ്രകാരം ക്യാൻസർ രോഗികൾക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട ഫോറം നം.10 (മെഡിക്കൽ സർട്ടിഫിക്കറ്റ്) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾക്ക് പുറമേ ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യുറേറ്റീവ് & പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കു കൂടി നൽകി ഉത്തരവായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മേല്പറഞ്ഞ ആശുപത്രികൾ കൂടാതെ ചികിത്സിക്കുന്ന അതത് ആശുപത്രികളിൽ നിന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുമോ;</td></tr>
<tr><td>(സി)</td><td>പാലിയേറ്റീവ് ചികിത്സയടക്കം വിവിധ ഘട്ടങ്ങളിലുള്ള കാൻസർ രോഗികൾക്ക് പി.എച്ച്.സി. കളിൽ നിന്നുൾപ്പെടെ ലഭിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാൻസർ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ